പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 657 06-02-2013 - ൽ മറുപടിക്ക്

**<u>ഹൈക്കോടതിയിൽ സർക്കാർ കേസുകളിൽ അഭിഭാഷകർ ഹാജരാകാത്ത കേസുകൾ</u>**

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ. കെ. രാധാകൃഷ്ണൻ | ശ്രീ. കെ. എം. മാണി<br>ബഹു: ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) | ഹൈക്കോടതിയിൽ സർക്കാരിന്റെ കേസുകൾ പരിഗണനയ്ക്ക് വരുമ്പോൾ ഗവൺമെന്റിന് വേണ്ടി അഭിഭാഷകർ ഹാജരാകാത്തതുമൂലം കേസുകൾ അനന്തമായി നീളുകയോ സർക്കാരിനെതിരായി വിധിക്കപ്പെടുകയോ ചെയ്യുന്ന സാഹചര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (ബി) | ക്രീമീലെയർ വിഷയവുമായി ബന്ധപ്പെട്ട ഹർജിയിൽ പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ സ്പെഷ്യൽ പ്ലീഡർ വാദത്തിനായി കോടതിയിൽ ഹാജരായില്ലെന്ന വസ്തുത അറിയുമോ ; | ക്രീമീലെയർ വിഷയവുമായി ബന്ധപ്പെട്ട ഹർജിയിൽ കോടതിയിൽ ചുമതലയുള്ള ഗവൺമെൻറ് പ്ലീഡർ ഹാജരായി വാദിച്ചിട്ടുള്ളതാണ്. |
| (സി) | എങ്കിൽ സ്പെഷ്യൽ പ്ലീഡർ ഹാജരാകാതിരിക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ; | അഡ്വക്കേറ്റ് ജനറലാണ് ഓരോ കേസ്സിലും വാദിക്കുന്നതിനായി ഗവൺമെൻറ് പ്ലീഡർമാരെ ചുമതലപ്പെടുത്തുന്നത്. ക്രീമീലെയർ വിഷയവുമായി ബന്ധപ്പെട്ട ഹർജിയിൽ വാദി, പിന്നോക്ക വിഭാഗ വികസന വകുപ്പ് സെക്രട്ടറിയെ കക്ഷി ചേർക്കുന്നതിനുപകരം തെറ്റായി പട്ടിക ജാതി പട്ടിക വർഗ്ഗ വികസന വകുപ്പ് സെക്രട്ടറിയെ കക്ഷി ചേർത്തതാണ്. അതിനാലാണ് പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പിൻെറ ചുമതലയുള്ള സ്പെഷ്യൽ ഗവൺമെൻറ് പ്ലീഡർ ഹാജരാകാ |

| | | |
|---|---|---|
| | | തിരുന്നത് എന്നാണ് അഡ്വക്കേറ്റ് ജനറൽ അറിയിച്ചിട്ടുള്ളത്. പ്രസ്തുത ഹർജിയിൽ കോടതിയിൽ ചുമതലയുള്ള ഗവൺമെൻറ് പ്ലീഡർ ഹാജരായി വാദിച്ചിട്ടുള്ളതാണ്. |
| (ഡി) | ഇതു സംബന്ധിച്ച് ഹൈക്കോടതി അതൃപ്തി രേഖപ്പെടുത്തിയതും മുന്നറിയിപ്പ് നൽകിയതും ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | ഹൈക്കോടതി ശരിയായ എതിർ കക്ഷിയെ കക്ഷി ചേർക്കാൻ മാത്രമാണ് നിർദ്ദേശിച്ചിട്ടുള്ളത് എന്നാണ് അഡ്വക്കേറ്റ് ജനറൽ അറിയിച്ചിട്ടുള്ളത്. |
| (ഇ) | എങ്കിൽ ഇപ്രകാരം കോടതിയിൽ വാദത്തിന് ഹാജരാകുന്നതിൽ അനാസ്ഥകാണിക്കുന്ന അഭിഭാഷകരെ ഒഴിവാക്കി പകരം അഭിഭാഷകരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ? | ഹർജികളിൽ കോടതിയിൽ വാദത്തിന് ഹാജരാകുന്നതിൽ ഗവൺമെൻറ് പ്ലീഡർമാർ അനാസ്ഥകാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അപ്രകാരം ഹർജികളിൽ കോടതിയിൽ വാദത്തിന് ഹാജരാകുന്നതിൽ ഗവൺമെൻറ് പ്ലീഡർമാർ അനാസ്ഥകാണിച്ചതായി ചൂണ്ടിക്കാണിക്കുന്ന പക്ഷം അനാസ്ഥ കാണിച്ച ഗവൺമെൻറ് പ്ലീഡർമാർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. |

ഉത്തരവിൻ പ്രകാരം

സെക്ഷൻ ആഫീസർ